# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നം. 59</u>

<u>29.01.2019 ൽ മറുപടിക്ക്</u>

## ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഗീതാ ഗോപി | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് പ്രദേശത്ത് നടക്കുന്ന കരിമണൽ ഖനനം മൂലം ആലപ്പാടിന്റെ വിസ്തൃതി ചുരുങ്ങി വരുന്നു എന്നുള്ള റിപ്പോർട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് കേരള നിയമ സഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആലപ്പാട് പ്രദേശത്തെ ജനങ്ങളുടെ ആശങ്കയും സമിതിയുടെ റിപ്പോർട്ടും കണക്കിലെടുത്ത് 16.01.2019 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുമതി നല്കിയപ്പോഴുള്ള വ്യവസ്ഥക ളെല്ലാം പാലിച്ചാണോ ആലപ്പാട് മേഖലയിൽ ഖനനം നടത്തുന്നതെന്നും ആയത് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് അംഗീകരിച്ച് നൽകുന്ന മൈനിംഗ് പ്ലാൻ അനുസരിച്ചായിരിക്കണം കരിമണൽ ഖനനം നടത്തേണ്ടത്. ഖനനത്തിനാവശ്യമായ പാരിസ്ഥിതികാനുമതി നൽകുന്നത് വനം പരിസ്ഥിതി കാലാവസ്ഥ മന്ത്രാലയമാണ് (MoEF&CC). വനം പരിസ്ഥിതി കാലാവസ്ഥ മന്ത്രാലയവും സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡുമാണ് Environment Management Plan പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടത്. ഇത്തരത്തിലുള്ള ഖനനം മൈൻസ് ആക്ടിന്റെ പരിധിയിൽ വരുന്നതിനാൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് മൈൻ സേഫ്റ്റിയും മൈനിംഗ് സംബന്ധിച്ച നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ട്. |

(സി) കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് നികത്തി പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകുവാൻ സർക്കാർ കമ്പനിക്ക് നിർദേശം നൽകിയിട്ടുണ്ട്. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം എന്ന് 16.01.2019 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഐ.ആർ.ഇ-യോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നതായി ഐ.ആർ.ഇ. കമ്പനി അധികൃതർ അറിയിച്ചിട്ടുണ്ട്.

(ഡി) ഖനനം നടന്ന സ്ഥലത്തെ ഭൂവിസ്തൃതി നഷ്ടപ്പെടാതിരിക്കുന്നതിനും കടൽവെള്ളം കയറി കൃഷിനാശം സംഭവിക്കാതിരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

(ഡി) ഇപ്പോൾ ഖനനം നടക്കുന്ന സ്ഥലത്ത് കടൽത്തീരത്തിന് സമാന്തരമായി കടൽ ഭിത്തി നിർമ്മിച്ച് വന്നിട്ടുള്ളതാണ്. ആയതിന്റെ അറ്റകുറ്റപണികൾ ഖനനം നടത്തുന്ന കമ്പനികളുടെ സഹായത്തോടെ വർഷാവർഷം ചെയ്തു വരുന്നുണ്ട്. കൂടാതെ കടൽത്തീരവർദ്ധനവിനും തീരത്ത് അടിയുന്ന ധാതുക്കൾ ശേഖരിക്കുന്നതിനും കടൽത്തീരത്തിനു ലംബമായി പുലിമുട്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ